LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ, മത്സ്യഭവൻ ആഫീസർ എന്നീ തസ്തികകളിലേക്ക് നിയമനത്തിനുള്ള മാനദണ്ഡം

92 [1778] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ, മത്സ്യ ഭവൻ ആഫീസർ എന്നീ തസ്തികകളിലേക്ക് ഉള്ള നിയമന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വകുപ്പിലെ നിരവധി വർഷത്തെ സേവനവും സാങ്കേതിക പരിജ്ഞാനവുമുള്ള ഉദ്യോഗസ്ഥർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഇതര വകുപ്പുകളിൽ അനുവർത്തിച്ചുവരുന്ന തരത്തിൽ ഫിഷറീസ് വകുപ്പിലും സേവനമനുഷ്ഠിച്ചുവരുന്നവർക്ക് ഈ തസ്തികകൾക്കുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) നിയമന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ വകുപ്പു തലവനുമായും, സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതാണ്.

മത്സ്യത്തൊഴിലാളി കോളനികളിലേക്കുള്ള റോഡുകളുടെ പുനഃരുദ്ധാരണം

93 [1779] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കോളനികളിലേക്കുള്ള റോഡുകളുടെ പുനഃരുദ്ധാരണത്തിനായി സർക്കാർ ഈ സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;